II ഇ.ബി. XV- കേരള നിയമസഭ/VI-4

**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ആഗസ്റ്റ് 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13 (*91) ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, ജില്ലാ ദുരന്തനിവാരണ അതോറിറ്റികളെ മുൻകൂട്ടി സജ്ജമാക്കിയതിനാൽ സംസ്ഥാനത്ത് മഴക്കെടുതിയുടെ ആഘാതം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വകുപ്പ് മേധാവിമാരുടെ യോഗം വിളിച്ചുചേർത്ത് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പുതുക്കിയ ഓറഞ്ച് ബുക്കിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മഴക്കാലത്ത് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും അവശ്യഘട്ടത്തിൽ ഒഴിപ്പിക്കൽ ഉൾപ്പെടെയുള്ള അടിയന്തര ഇടപെടലിന് കാര്യക്ഷമമായ സംവിധാനം ഒരുക്കുകയും പ്രളയബാധിത മേഖലകളിൽ ദേശീയ

ദുരന്തനിവാരണ സേനയെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ക്വാറികളുടെ പ്രവർത്തനം താൽക്കാലികമായി നിയന്ത്രിക്കുകയും നദികളിലെ ജല നിരപ്പിലുണ്ടാകുന്ന വ്യതിയാനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുകയും ഡാമുകളിൽ റൂൾകർവ്വ് പ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുന്നതിനും കടലാക്രമണംമൂലമുണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനും റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗത യോഗ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും മലയോര മേഖലകളിലെ റോഡുകളിൽ പട്രോളിംഗ് ഏർപ്പെടുത്തുകയും പ്രളയസാദ്ധ്യതാ ഭൂപടം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കി. തിരുവനന്തപുരത്തും വടക്കൻ കേരളത്തിലും ഡോപ്ലർ റഡാർ സിസ്റ്റം സ്ഥാപിക്കണമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ് സംവിധാനം ആധുനികീകരിച്ച് യഥാസമയം കൃത്യമായ മുന്നറിയിപ്പ് നൽകണമെന്നും കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടെന്നും കാലാവസ്ഥ പ്രവചനത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകാലാശാലയുടെ സേവനം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമെന്നും ഇടുക്കിയിലും വയനാട്-

കോഴിക്കോട് അതിർത്തിയിലും High Altitude Rescue Hub-കൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രളയശേഷം നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ പമ്പ-മണിമല-അച്ചൻകോവിലാറുകളുടെ നവീകരണത്തിനായി ഒരു പ്രോജക്ട് തയ്യാറാക്കിവരുന്നതായും പുഴകളുടെ ഒഴുക്ക് സുഗമമാക്കുന്നതിനായി 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും കൊച്ചിയിൽ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കി. പ്രകൃതി ദുരന്തത്തിൽപ്പെടുന്നവർക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നുണ്ടെന്നും ഇത്തരത്തിൽ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമെന്നും കവളപ്പാറ, പെട്ടിമുടി ദുരന്തങ്ങളിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുകയും അർഹരായവർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും അപ്രതീക്ഷിത ഉരുൾപൊട്ടലുണ്ടായ കൂടയത്തൂരിൽ ആവശ്യമായ സഹായമെത്തിച്ചിട്ടുണ്ടെന്നും കോട്ടയം ജില്ലയിലെ മഴക്കെടുതികൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെയും

വിദഗ്ദ്ധസമിതിയുടെയും യോഗംചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും വ്യാപാര സ്ഥാപനങ്ങളും വീടുകളുടെ സംരക്ഷണഭിത്തിയും തകർന്നവർക്ക് ദുരന്തപ്രതികരണനിധിയിൽനിന്നും നഷ്ടപരിഹാരമനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും ദുരന്തനിവാരണ തത്വങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് 'സജ്ജം' പദ്ധതി ആരംഭിക്കുമെന്നും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രസ്തുത പദ്ധതിയുടെ സന്ദേശം വിദ്യാർത്ഥികളിലെത്തിക്കുന്നതിന് ശ്രമിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*92) <u>കേരളത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബാക്കുന്നതിനുള്ള നടപടി</u>

പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, പുതിയ വിനോദസഞ്ചാര മേഖലകൾ കണ്ടെത്തുക, നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, പുതിയ ടൂറിസം ഉല്പന്നങ്ങൾ ആവിഷ്കരിക്കുക, വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് അന്താരാഷ്ട്ര/ആഭ്യന്തര തലത്തിൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കുക, ടൂറിസം വികസനത്തിലൂടെ

സാധാരണക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നിവയിലൂന്നി ഇന്ത്യയുടെ ടൂറിസം ഹബ്ബായി കേരളത്തെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് സഭയെ അറിയിച്ചു. കേരളത്തിന്റെ വിനോദസഞ്ചാര സവിശേഷതകളായ കായൽ/ ബീച്ച്/ ഫാം/ തീർത്ഥാടക ടൂറിസം മേഖലകളിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. സ്വാതന്ത്ര്യസമര/നവോത്ഥാന മുന്നേറ്റങ്ങളിൽ ചരിത്രപ്രാധാന്യം നേടിയ സ്ഥലങ്ങളെ ഉൾപ്പെടുത്തി വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്. മലയോര മേഖലകളിൽ ഫാമിലി ട്രക്കിംഗ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് തുടങ്ങിയ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുമെന്നും വ്യാപാരബന്ധമുള്ള രാജ്യങ്ങളുമായി സഹകരിച്ച് സർക്കാർ നേതൃത്വത്തിൽ അന്താരാഷ്ട്ര ഫെസ്റ്റുകൾ/മാർട്ടുകൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമെന്നും വ്യക്തമാക്കി. ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഭാഗമായി വൈക്കം നിയോജകമണ്ഡലത്തിൽ ആരംഭിച്ച പെപ്പർ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ജലടൂറിസം സാധ്യത ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി മലനാട്-മലബാർ റിവർക്രൂയിസ് പദ്ധതി നടപ്പാക്കുമെന്നും വള്ളിക്കുന്ന്-കടലുണ്ടി മേഖലകളിൽ സൗരോർജ്ജ

ബോട്ടുകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമെന്നും ടൂറിസം കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് മറ്റുവകുപ്പുകളുമായി കൂടിയാലോചിക്കുമെന്നും അറിയിച്ചു. കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി മികച്ചരീതിയിൽ നടപ്പാക്കുമെന്നും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പൊഴിയൂർ പി. ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠനകേന്ദ്രത്തെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും വയനാട് ജില്ലയിൽ ഊട്ടി മോഡലിൽ ഫ്ലവർ ഷോ നടത്തുന്ന കാര്യവും പരിശോധിക്കുമെന്നും പാലക്കാട് ജില്ലയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ പരിഗണിക്കുമെന്നും ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി മലമ്പുഴ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*93) <u>ഐ.ടി.ഐ.കളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്താൻ പദ്ധതി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന സംസ്ഥാനത്തെ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് ബഡ്ജറ്റിൽ 50 കോടി രൂപ

വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തുകയും കിഫ്ബി ധനസഹായമായി 82.5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഐ.ടി.ഐ.-കളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വന്തം കെട്ടിടം അനുവദിക്കുകയും അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുകയും കെ-ഡിസ്കിന്റെ സഹായത്തോടെ നൈപുണ്യ പരിശീലനത്തിനാവശ്യമായ നവീനയന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാലഹരണപ്പെട്ട സി.ഒ.ഇ. (സെന്റർ ഓഫ് എക്സലൻസ്) ട്രേഡുകൾ നിർത്തലാക്കി കാലാനുസൃതമായതും ജോലി സാധ്യത കൂടിയതുമായ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ഐ.ടി.ഐ. പാസ്സാകുന്നവരുടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വർഷംതോറും ജില്ലാടിസ്ഥാനത്തിൽ സ്പെക്ട്രം ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും 'സ്ട്രൈവ്' (Skills Strengthening for Industrial Value Enhancement) പദ്ധതിയുടെ ഭാഗമായി ഐ.ടി.ഐ.-കളിൽ പ്രവേശനം നേടുന്ന

ട്രെയിനികൾക്ക് വിവിധ വ്യാവസായിക സ്ഥാപനങ്ങളിൽ ഓൺ ജോബ് ട്രെയിനിംഗ് ഉറപ്പാക്കുകയും  കെ-ഡിസ്കിന്റെ കണക്ട് കരിയർ ടു ക്യാമ്പസ് പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നതായി ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.